# മാമ്പഴക്കൂട്ടത്തിൽ കോട്ടൂക്കോണം

കാർഷികരംഗം

Mathrubhumi-16-05-2018-P-04

**എം.പി. അയ്യപ്പദാസ്**

കണ്ണൂരിലെ കുറ്റ്യാട്ടൂരും കോഴിക്കോടിന്റെ ഒളോറും പോലെ ദേശപ്പെരുമയുള്ള തെക്കൻ കേരളത്തിലെ മറ്റൊരു മാവിനമാണ് കോട്ടൂക്കോണം. തിരുവനന്തപുരം, കൊല്ലം, കന്യാകുമാരി ജില്ലകളിലാണ് ഇത് വ്യാപകമായി കണ്ടുവരുന്നത്.

നല്ല കട്ടിയുള്ള പുറംതൊലി, പഴുക്കുമ്പോൾ അകവും പുറവും ചുവപ്പുകലർന്ന ഓറഞ്ചുനിറം, നാര് കൂടുതലുണ്ടെങ്കിലും ഒരിക്കൽ കഴിച്ചാൽ ഇതിന്റെ രുചിയും മണവും സ്വാദും നാവിൽ തങ്ങിനിൽക്കും.

മുറതെറ്റാതെ എല്ലാവർഷവും മുൻപേ പൂത്ത് ഫലം തരുന്നതുകൊണ്ട് വിപണിയിൽ ആദ്യമെത്തുകയും നല്ലവില കിട്ടുകയുംചെയ്യും. ഒരു കിലോ മാങ്ങയ്ക്ക് 80 മുതൽ 120 രൂപ വരെ വിലയുണ്ട്. ദീർഘകാലം നിലനിൽക്കുന്ന ഈയിനത്തിന്റെ കായകളുടെ പുറംതൊലി കട്ടിയുള്ളതിനാൽ പഴയീച്ചകളുടെ ഉപദ്രവമുണ്ടാകാറില്ല. ചുവന്നമണ്ണും കൂടുതൽ മഴയും ആർദ്രതയുള്ള അന്തരീക്ഷവുമുള്ള സ്ഥലങ്ങളിൽ കോട്ടൂക്കോണം നന്നായിവളരും. വിത്തുമുളപ്പിച്ച തൈകൾ നട്ടാൽ കായ്ക്കാൻ 6-7 വർഷമാകും. എന്നാൽ, ഒട്ടുതൈകൾ നട്ടാൽ മൂന്നാം വർഷം മുതൽ ആദായം നേടാം. ഇപ്പോൾ തൈ നടാൻപറ്റിയ സമയമാണ്. മരങ്ങൾ തമ്മിൽ 9 മീറ്റർ അകലത്തിൽ, 1x1x1 മീറ്റർ അളവിലും താഴ്ചയിലും കുഴിയെടുത്ത് മേൽമണ്ണ്, ജൈവവളം ഒരുപിടി കുമ്മായം എന്നിവചേർത്ത് കാലേക്കൂട്ടി കുഴി നിറച്ചിട്ടുവേണം തൈകൾ നടാൻ. കോട്ടൂക്കോണം ഒട്ടുതൈകൾ ഇപ്പോൾ കൃഷിവകുപ്പിന്റെ ഫാമുകളിലും കാർഷികസർവകലാശാലകളിലും ലഭ്യമാണ്.

